IV ശ്രദ്ധ ക്ഷണിക്കൽ

1. സ്ഥിരം സമിതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. ശിവദാസൻ നായർ: സർ, അന്തർ സംസ്ഥാന നദീജല തർക്കങ്ങളിൽ പലപ്പോഴും സംസ്ഥാനത്തിന് വേണ്ട വിധത്തിൽ വേണ്ട സമയത്ത് ഇടപെടാനോ നമ്മുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ ഫലപ്രദമായി തർക്കങ്ങൾ പരിഹരിക്കുന്നതിനോ കഴിയാറില്ല. നമ്മുടെ എല്ലാ നദീജല തർക്കങ്ങളിലും അതിർത്തി തർക്കങ്ങളിലും ഈ കുഴപ്പങ്ങൾ സാധാരണഗതിയിലുണ്ടാകാറുണ്ട്. പ്രശ്നങ്ങൾ വന്നതിനുശേഷമാണ് ഇത്തരം കാര്യങ്ങളിൽ പലപ്പോഴും ഇടപെടാറുള്ളതെന്നതാണ് ഇതിലുള്ള ഏറ്റവും ഗൗരവതരമായ പ്രശ്നം. സാധാരണഗതിയിൽ ഇക്കാര്യത്തിനായി നിയോഗിക്കപ്പെട്ട അല്ലെങ്കിൽ ഓരോ ഡിപ്പാർട്ടുമെന്റിലേയും ഉന്നത ഉദ്യോഗസ്ഥരാണ് അവരുടെ മറ്റ് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ഇതുപോലുള്ള കാര്യങ്ങൾ പരിഹരിക്കുന്നതിന് പരിശ്രമിക്കാറുള്ളത്. മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ നമുക്ക് ഒരുപാട് തിരിച്ചടികൾ നേരിട്ടിട്ടുണ്ട്. അതുപോലെ, തമിഴ്നാട് മുഖ്യമന്ത്രി നാല് ഡാമുകൾ അവരുടേതാണെന്ന് പറയുന്ന സാഹചര്യം വരെയുണ്ടായി. മുഖ്യമന്ത്രി അക്കാര്യത്തിൽ ഫലപ്രദമായി ഇടപെട്ടതുകൊണ്ട് ആ പ്രശ്നം താൽക്കാലികമായിട്ടാണെങ്കിലും നമുക്ക് പരിഹരിക്കാൻ കഴിഞ്ഞു. ഇതൊക്കെ എന്തുകൊണ്ട് സമയത്ത് പരിഹരിക്കാനുള്ള ഒരു പ്രത്യേക സംവിധാനമില്ലെന്നുള്ളതാണ് ഗൗരവമായ ചോദ്യം. കബനി നദിയിലെ 21 ടി.എം.സി. വെള്ളം ഉപയോഗിക്കുന്നതിനുവേണ്ടി കാവേരി ട്രിബ്യൂണലിന്റെ ഉത്തരവുണ്ടായിട്ടും നമ്മൾ 5 ടി.എം.സി. വെള്ളംമാത്രമേ ഇപ്പോഴും ഉപയോഗിക്കുന്നുള്ളൂ. 5 ടി.എം.സി. വെള്ളം മാത്രമേ ഉപയോഗിക്കുന്നുള്ളൂവെന്നും നമുക്ക് അനുവദിച്ച വെള്ളം പൂർണ്ണമായും ഉപയോഗിക്കാൻ കഴിയുന്നില്ലെന്നും പറഞ്ഞ് തമിഴ്നാട് വീണ്ടും ട്രിബ്യൂണലിൽ പെറ്റീഷൻ കൊടുക്കുകയും കർണ്ണാടക വീണ്ടും തർക്കങ്ങൾ ഉന്നയിച്ചിരിക്കുകയുമാണ്. നമ്മൾ കബനിയിൽ കെട്ടിയ തടയണ കർണ്ണാടകയിലെ ആളുകൾ പൊളിച്ചുകളയുന്ന സാഹചര്യമുണ്ടായി. ഇക്കാര്യങ്ങളൊക്കെ പരിഹരിക്കണം. അതിനായി ഇന്റർ-സ്റ്റേറ്റ് വാട്ടർ അഡ്വൈസറി കമ്മിറ്റി നിലവിലുണ്ട്. ഇപ്പോൾ ആ കമ്മിറ്റിക്കകത്ത് ഒരു ടെക്നിക്കൽ അംഗമല്ലാതെ മറ്റാരുമുണ്ടെന്ന് തോന്നുന്നില്ല. ലീഗലായിട്ടുള്ള ഒരു മെമ്പർ ആ കമ്മിറ്റിയിലില്ല. ഇതെല്ലാം ലീഗലായിട്ടുള്ള ധാരാളം പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതാണ്. സമയാസമയങ്ങളിൽ ഇത്തരം തർക്കങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനും കാര്യങ്ങൾ ഗവൺമെന്റിനെയും ഡിപ്പാർട്ടുമെന്റിനെയും അറിയിക്കുന്നതിനും നിയമപരമായി ഇക്കാര്യത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യേണ്ടതെന്നതിനെ സംബന്ധിച്ച് പ്രൊപ്പറായി സമയാസമയങ്ങളിൽ അഡ്വൈസ് ചെയ്യുന്നതിനും ഒരു സ്ഥിരം സംവിധാനം ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നദീജല തർക്കത്തെക്കുറിച്ച് മാത്രമാണ് ഞാനിവിടെ സൂചിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

മംഗളാദേവി പോലുള്ള സ്ഥലങ്ങളിലുള്ള നമ്മുടെ ബൗണ്ടറി സംബന്ധിച്ചും വസ്തുവകകൾ സംരക്ഷിക്കുന്നത് സംബന്ധിച്ചും പല തർക്കങ്ങളുമുണ്ട്. ഇക്കാര്യങ്ങളൊക്കെ ഗൗരവമായി പഠിക്കുന്നതിന് ഇന്നുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് തെളിഞ്ഞ സാഹചര്യത്തിൽ ശരിയായ രീതിയിൽ, അഡ്വൈസറി കൗൺസിൽ അധികാരങ്ങളോടുകൂടി കാര്യങ്ങൾ പഠിച്ച് നിയമപരമായ കാര്യങ്ങൾ ഗവൺമെന്റിനെ ഉപദേശിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കാൻ ശ്രമിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അന്തർ സംസ്ഥാന നദീജല തർക്കങ്ങളിൽ സംസ്ഥാന താൽപ്പര്യം സംരക്ഷിക്കുവാൻവേണ്ടി കൂടുതൽ ജാഗ്രത വേണമെന്ന മെമ്പറുടെ നിർദ്ദേശം ഞാൻ പൂർണ്ണമായും ഉൾക്കൊ ള്ളുകയാണ്. അതിനുവേണ്ടി ചില പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അന്തർസംസ്ഥാന നദീജല വിഷയങ്ങളിൽ സംസ്ഥാന താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി സർക്കാരിന് ആവശ്യമായ ഉപദേശം നൽകുന്നതിന് വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധരായ വ്യക്തികളെ ഉൾപ്പെടുത്തി ക്കൊണ്ട് ഇന്റർ സ്റ്റേറ്റ് വാട്ടർ അഡ്വൈസറി കമ്മിറ്റി നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ സർക്കാരിനാവശ്യമായ ഉപദേശം നൽകുന്നതിനായി ഇലക്ട്രിസിറ്റി ബോർഡ് റിട്ടയേർഡ് മെമ്പർ ശ്രീ. എം. കെ. പരമേശ്വരൻ നായർ ചെയർമാനായി മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ പ്രവർത്തിച്ചുവരുന്നുണ്ട്. ജലസേചനവും ഭരണവിഭാഗവും ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ജലസേചന വകുപ്പിൽ അന്തർസംസ്ഥാന ജലവിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേകവിഭാഗം നിലവിലുണ്ട്. പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ മേൽനോട്ടത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഒരു ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ പ്രവർത്തിച്ചുവരുന്നു. കരാറനുസരിച്ച് അർഹമായ ജലം നേടിയെ ടുക്കുന്നതിനുള്ള നടപടികൾ പ്രസ്തുത ഡിവിഷൻ മുഖേനയാണ് സ്വീകരിച്ചു വരുന്നത്. അന്തർസംസ്ഥാന നദീജല വിഷയങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിലവിലുള്ള കേസ്സുകളുടെ സുഗമമായ നടത്തിപ്പിനായി ജലസേചന വകുപ്പിലെ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഡൽഹിയിൽ കാവേരി സെൽ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിന് അവകാശപ്പെട്ട ജലസ്രോതസ്സുകൾ നഷ്ടപ്പെടാതിരിക്കാനും ജലം അനധികൃതമായി തിരിച്ചു കൊണ്ടുപോകുന്നത് തടയാനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് റിവർ ബേസിനുകൾ കേന്ദ്രീകരിച്ച് ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രത്യേക വിജിലൻസ് വിഭാഗവും പ്രവർത്തിച്ചു വരുന്നു. പ്രസ്തുത വിജിലൻസ് ഓഫീസർമാർ എല്ലാ മാസവും പരിശോധന നടത്തി ചീഫ് എഞ്ചിനീയർ മുഖേന ആവശ്യമായ റിപ്പോർട്ട് സർക്കാരിന് നൽകുന്നുണ്ട്. വിജിലൻസ് ഓഫീസർമാർ ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ പരിശോധിച്ച് അനധികൃതമായി ജലം തിരിച്ചുവിടുന്ന സാഹചര്യമുണ്ടെങ്കിൽ ബന്ധപ്പെട്ട സംസ്ഥാനങ്ങളുമായി യഥാസമയം ഗവൺമെന്റ് ഇടപെടുന്നതാണ്. സുപ്രധാനമായ ഒരു പ്രശ്നമാണിത്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നങ്ങൾ അതീവ ജാഗ്രതയോടുകൂടി പരിശോധിക്കുന്നതും ഇന്നുള്ള സംവിധാനത്തിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ അത് പരിഹരിക്കാനും പുതിയതായി

9.42.AM]

LIBRARY ARCHIVES Kerala Legislative Assembly

എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തണമെങ്കിൽ ഏർപ്പെടുത്താനും ഗവൺമെന്റ് പ്രത്യേകനിലപാട് സ്വീകരിക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഓരോ കാര്യങ്ങൾക്കും പ്രത്യേകമായ ചില സംവിധാനങ്ങളാണുള്ളത്. ഇതെല്ലാം ഏകോപിപ്പിച്ചുകൊണ്ട് കാര്യങ്ങൾ പരിശോധിക്കാനുള്ള ഒരു സംവിധാനം ഇന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. പറമ്പിക്കുളത്ത് 7.25 TMC വെള്ളം നമുക്ക് ലഭിക്കേണ്ടതാണ്, അത് ലഭിച്ചിട്ടില്ല. ഇത്തരം സംഭവങ്ങൾ നിരന്തരമായുണ്ടാകുന്നതുകൊണ്ടാണ് ഈ പ്രശ്നങ്ങൾ ഞാൻ ഉന്നയിച്ചത്. ഗൗരവമായി നടപടിയെടുക്കേണ്ട പ്രധാനപ്രശ്നം പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്കിലാണ്. സുപ്രീംകോടതിയുടെ നദീസംയോജനത്തിനു വേണ്ടിയുള്ള ക്ലിയർ ഡയറക്ഷൻ വന്നതിനുശേഷം ഇക്കാര്യത്തെ സംബന്ധിച്ച് ഗൗരവമായി പഠിക്കാനും പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള സത്വര നടപടികൾ വേണം. ഇക്കാര്യത്തെ സംബന്ധിച്ച് കാര്യങ്ങൾ പഠിക്കുന്നതിന് ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്കിന്റെ കാര്യത്തിൽ ഗവൺമെന്റിന് വ്യക്തമായ സമീപനമുണ്ട്. അത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള സംവിധാനവുമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗൗരവമുള്ളതുതന്നെയാണ്. നമ്മുടെ അന്തർസംസ്ഥാന നദീജല പ്രശ്നങ്ങളെല്ലാംകൂടി കോ-ഓർഡിനേറ്റ് ചെയ്യുന്നതിനുവേണ്ടി ഒരു ഉന്നതതല സംവിധാനം വേണമെന്നുള്ള നിർദ്ദേശം പ്രത്യേകമായി പരിഗണിക്കുമെന്ന കാര്യം പറയാനാഗ്രഹിക്കുകയാണ്.

2. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, കേരളത്തിൽ ഏകദേശം പതിനേഴോളം ക്ഷേമനിധി ബോർഡുകളുണ്ട്. ആ ക്ഷേമനിധി ബോർഡുകളുടെയെല്ലാം പ്രവർത്തനം ഇപ്പോൾ മന്ദഗതിയിലായിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്. 1991-ലാണ് ഈ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ ആ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ സാമ്പത്തിക സഹായമില്ലാതെ പ്രയാസമനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഏകദേശം 23 ലക്ഷത്തോളം ആളുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമനിധി ബോർഡിൽ 17 ലക്ഷത്തോളം ആളുകൾ സജീവമായി അംഗത്വം നേടിയിട്ടുണ്ട്. ആ ക്ഷേമനിധി ബോർഡിൽനിന്ന് റിട്ടയർ ചെയ്തിട്ടുള്ളവരുടെ ആനുകൂല്യം കുടിശ്ശികയായിരിക്കുകയാണ്. ഏകദേശം 1,98,000 അപേക്ഷകർ ആനുകൂല്യം ലഭിക്കാനായി കാത്തിരിക്കുകയാണ്. റിട്ടയർമെന്റ് ആനുകൂല്യത്തിന് 180 കോടിരൂപയും വിവാഹ ധനസഹായത്തിന് 11 കോടിരൂപയും മരണാനന്തര ധനസഹായത്തിന് 31 ലക്ഷം രൂപയും പ്രസവ ധനസഹായത്തിന് 22 ലക്ഷംരൂപയും ചികിത്സാധനസഹായത്തിന് 6.25

9.46.AM]

LIBRARY ARCHIVES Kerala Legislative Assembly